# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T 5051 — 30.06.2014 ൽ മറുപടിക്ക്

## എയർ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരള പദ്ധതി ഏതു ഘട്ടത്തിലാണ്; | (എ) യും (ബി) യും സി യും | പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചിലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ് ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റു സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എയർ കേരള പദ്ധതി പ്രാവർത്തികമാകുമോ; | | |
| (സി) | വിമാനക്കമ്പനി തുടങ്ങാൻ പദ്ധതിയില്ലെങ്കിൽ ഗൾഫ് മലയാളികളുടെ യാത്രാപ്രശ്നത്തിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ